# 10
# ആഹാബ്
# നരകത്തിൽ നടന്ന വിവാഹം

വേദഭാഗം: 1 രാജാക്കന്മാർ 16:29–22:40

ദശലക്ഷക്കണക്കിനു വർഷങ്ങൾക്ക് മുൻപ് ഒരു കോശത്തിൽ നിന്നു പൊട്ടി പുറപ്പെട്ടതാണ് നാം ഇന്ന് ആസ്വദിക്കുന്ന മനുഷ്യജീവിതം എന്നാണ് പരിണാമ സിദ്ധാന്തക്കാർ പറയുന്നത്. അത്തരം പരിണാമം ഒരു കോശത്തിൽനിന്ന് മനുഷ്യജീവിതത്തിലേക്കുള്ള മാറ്റം സാധ്യമല്ലാത്തതിനാൽ വിശ്വാസയോഗ്യമല്ല. സങ്കീർണ്ണത നിറഞ്ഞ മനുഷ്യന്റെ തലച്ചോറിന്റെ പ്രവർത്തനം തന്നെ പരിഷ്കൃതവും കുഴഞ്ഞതുമായിരിക്കെ, ഒരു കോശം രൂപാന്തരം സംഭവിച്ചാണെന്ന് പറയുന്നത് വിശ്വസിക്കുവാൻ പറ്റാത്തതാണ് – തീർച്ചയായും അത്ഭുതകരമായ ദൈവസഹായത്താൽ മാത്രം സാധ്യമാകുന്ന ഒന്നാണ് – മനുഷ്യജീവിതം. തന്നെയുമല്ല മനുഷ്യന് ചിന്തിക്കുവാനും, സ്നേഹിക്കുവാനും, വെറുക്കുവാനും, കഴിയുന്ന ആത്മാവ് മനുഷ്യനിലുണ്ടെന്നതും തർക്കമറ്റ കാര്യമല്ലേ? ശാസ്ത്രം തെളിയിക്കുവാൻ കഴിയുന്നതാണ്, പക്ഷെ പരിണാമ സിദ്ധാന്തം, തെളിയിക്കുവാൻ പറ്റാത്ത വിശ്വാസ വ്യവസ്ഥയാണ്.

പരിണാമസിദ്ധാന്തം അവിശ്വസനീയമായിരിക്കുന്നതിനു പുറമെ മറ്റൊരു പരിശോധനക്കു കൂടെ അത് വിധേയമാക്കണം: വിവാഹം, കുടുംബം എന്നിവക്ക് അതിനു വിശദീകരണമില്ല. ഒരു കുടുംബത്തിനു അടിസ്ഥാനപരമായി യോജിക്കാവുന്ന വ്യത്യസ്തരായ രണ്ട് പേരെങ്കിലും വേണം, ഒരാൾ മാത്രം പോരാ. സ്നേഹത്താലും സമർപ്പണത്താലും, ഒരു സ്ത്രീയും പുരുഷനും ഒന്നായി പറ്റിച്ചേരുന്നു. കുടുംബത്തിന്റെ നിലനിൽപ് പരിണാമ സിദ്ധാന്തക്കാരെ ഇരട്ടി വിഷമിപ്പിക്കുന്നു. പുരുഷനും സ്ത്രീയും ഒരേ സമയത്ത് രൂപാന്തരപ്പെടുന്നു എന്ന് അവർക്ക് വാദിക്കേണ്ടതായി വരും. എന്നാലും, അവർ കുടുംബമായി തീരുന്നതിനെ വിശദീകരിക്കുവാൻ അവർക്ക് സാധ്യമല്ല. കൂടാതെ രണ്ടു പേർ ഒരേ സമയം രൂപാന്തരം പ്രാപിക്കുന്നു എന്നു പറയുന്നത് തന്നെ മനസിലാക്കുവാൻ പറ്റാത്തതാണ്.

വാസ്തവമെന്തെന്നാൽ, മനുഷ്യജീവിതത്തിൽ ഏറ്റവും മനോഹരമായതാണ് ക്രിസ്തീയ കുടുംബം. ദൈവം അതു മനുഷ്യനും സമൂഹത്തിനും നൽകിയ ദാനമാണ്. മനുഷ്യർ വർദ്ധിച്ചുപെരുകുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശം. നാം ബൈബിൾ തുറക്കുമ്പോൾ തന്നെ എല്ലാം എങ്ങനെ ആരംഭിച്ചു എന്ന് ദൈവശ്വാസിയ വചനം നമ്മോടു പറയുന്നു, പിന്നെ ദൈവത്തിന്റെ സൃ – ഷ്ടിയിൽ ഭവനവും ഉൾപ്പെട്ടിരിക്കുന്നതായി കാണാം (ഉൽപത്തി 2; 3). അതു രാപാന്തരം പ്രാപിച്ചതല്ല, അതു സൃഷ്ടിക്കപ്പെട്ടതാണ്. നമുക്ക് ജീവിതത്തെ കുറിച്ച് അറിവുള്ളതെല്ലാം ദൈവം ഓരോന്നും ആരംഭിച്ചതിനെ കുറിച്ചു പറയുന്നതിൽ കാണാം; അതുകൊണ്ട്, വചനത്തിൽ പറയുന്നത് വിശ്വസിക്കുവാനും, സ്വീകരിപ്പാനും എളുപ്പമാണ്.

ഉൽപ്പത്തി പുസ്തകമനുസരിച്ച്, ഭവനം, നമ്മുടെ ആത്മിയതയിലും,

സ്വതന്ത്ര ചിന്താഗതിയിലും, ദൈവത്തിന്റെ ദയവിനാൽ നൽകിയിരിക്കുന്നതുമാണ്. അതായത്, ആരെ വിവാഹം കഴിക്കണം, ഏതു തരത്തിലുള്ള കുടുംബജീവിതമാണ് നയിക്കേണ്ടത്, എന്നിവക്കെല്ലാം നമുക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. നമ്മുടെ ഭവനത്തിന്റെ ഐശ്വര്യവും, അനുഗ്രഹവും നാം എടുക്കുന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും. നമ്മുടെ വീട് ഭൂമിയിലെ സ്വർഗമാക്കണോ അതോ നരകമാക്കണോ എന്നു നാം തന്നെ തീരുമാനിക്കണം. തിരഞ്ഞെടുപ്പ് നമ്മുടേതാണ്.

നല്ല മാതൃകാപരമായ വിവാഹബന്ധത്തെ കണ്ട് ചിലപ്പോൾ പറയും, "ആ വിവാഹം സ്വർഗത്തിൽ നടന്നതാണ്." നാം അങ്ങനെ പറയുകയില്ലെങ്കിലും, ആ ആശയം ശരിയാണ്. ചിലർ എടുക്കുന്ന മോശമായ തീരുമാനം നിമിത്തം അവരുടെ വിവാഹം വിപത്തായി തീരുന്നു. അത്തരം വിവാഹത്തെ നരകത്തിൽ നടന്ന വിവാഹം എന്നു പറഞ്ഞേക്കാം. അതായത് പിശാച് അവരെ രണ്ടുപേരെയും വിവാഹത്തിലേക്ക് പ്രോൽസാഹിപ്പിക്കുകയും, വിവാഹം കഴിച്ചശേഷവും അവരെ സ്വാധീനിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതു കാണുമ്പോൾ, അവർ ദൈവഹിതപ്രകാരമല്ല, പിശാചിന്റെ ഹിതപ്രകാരമാണ് അവരുടെ കുടുംബം ചലിക്കുന്നത് എന്നർത്ഥം.

തിരുവെഴുത്തിൽ അത്തരം വിവാഹമാതൃക കാണുന്നത് - മറ്റു വിവാഹത്തേക്കാൾ ഉയർന്നതെന്ന് വരുത്തിയത് - ആഹാബിന്റേയും ഈസബേലിന്റെയും വിവാഹം ആണ്. യിസ്രായേൽ രാജാവായിരുന്ന ഒമ്രിയുടെ മകൻ ആഹാബിന്റേയും, സിദോന്യ രാജാവായിരുന്ന എത്ത്ബാലിന്റെ മകൾ ഈസബേലിന്റേയും വിവാഹം അത്തരം ഒന്നായിരുന്നു. ബി. സി. 874 മുതൽ 853 വരെ ശമര്യ വിപുലപ്പെടുത്തിയപ്പോൾ, യിസ്രായേലിന്റെ എട്ടാമത്തെ രാജാവായ ആഹാബിന്റെ വാഴ്ച്ചയുടെ ഇരുപത്തി-രണ്ടാമത്തെ വർഷമായിരുന്നു. യിസ്രായേലിൽ അന്നു അവശേഷിച്ചിരുന്ന ആത്മിയതയെ ബാധിക്കുന്നതായിരുന്നു ആഹാബിന്റേയും ഈസബേലിന്റേയും വിവാഹം. ദൈവജനമായിരുന്ന യിസ്രായേലിലെ ഒരു കുടുംബവും ഇതുപോലുള്ള അഭക്തമായ ദേശിയ ബന്ധത്തിനു മുതിരുകയില്ലായിരിക്കാം.

ആഹാബിന്റേയും ഈസബേലിന്റേയും ജീവിതത്തിലും, ദേശത്തിലും ആ വിവാഹത്തിന്റെ ഫലമായി സംഭവിക്കുന്നതും, ആ വിവാഹം നടക്കുവാനുള്ള സാഹചര്യവും നമുക്ക് നോക്കാം.

## തെറ്റായ കാരണത്തിനാണെന്ന് മനസിലാക്കി

പഴയനിയമകാലത്ത്, രാജാക്കന്മാർ ചിലപ്പോൾ രണ്ട് ദേശങ്ങൾ തമ്മിൽ സമാധാനവും, നല്ല ബന്ധവും നിലനിർത്തുക എന്ന ഉദ്ദേശത്തിൽ വിവാഹം നടത്തിയിട്ടുണ്ട്. രണ്ട് ദേശങ്ങൾ തമ്മിൽ ഒരുമിച്ച് പ്രവർത്തിക്കാമെന്ന ഉടമ്പടിയുടെ അടയാളമായിട്ടാണ് ഒരു ദേശത്തിലെ രാജാവിന്റെ മകളെ മറ്റൊരു ദേശത്തെ രാജാവിന്റെ മകനെക്കൊണ്ട് വിവാഹം കഴിപ്പിക്കുന്നത്. തിരുവെഴുത്തിൽ പറയുന്നില്ലെങ്കിലും, ഒമ്രിയും, എത്ത്ബാലും തമ്മിൽ നടത്തിയ മക്കളുടെ വിവാഹം, യിസ്രായേലും സീദോനും ഒരുമിച്ച് പ്രവർത്തിക്കാമെന്ന ധാരണയിലായിരുന്നു എന്നു ഊഹിക്കുവാൻ പ്രയാസമില്ല. ഒരുപക്ഷെ അത് ആ ദേശങ്ങൾ തമ്മിലുള്ള ഉറച്ച സമാധാനത്തിനുള്ള ശ്രമായിരുന്നേക്കാം, എന്നാൽ, അത്തരം വിവാഹം പറയാതെ തന്നെ ഒരു വിലപേശലും, തരം

താഴ്ന്നതും ഐക്യതയുടെ വില കുറക്കുന്നതുമാകുന്നു. അത്, രണ്ട് ജീവിതങ്ങളെ തമ്മിൽ – യോജിപ്പിക്കുവാൻ ദൈവം നൽകിയ മനോഹരമായ ബന്ധത്തെ – തങ്ങളുടെ നേട്ടങ്ങൾക്കുവേണ്ടി അവരെ “ഉപകരണങ്ങളാക്കുക” യാണ് ചെയ്യുന്നത്. വിവാഹം രണ്ട് വ്യക്തികളുടെ സന്തോഷത്തിനു വേണ്ടിയാണ് ദൈവം നൽകിയിരിക്കുന്നത് അല്ലാതെ, വ്യക്തികളുടേയും ദേശങ്ങളുടേയോ നേട്ടങ്ങൾക്കു വേണ്ടിയോ സാമ്പത്തിക ലാഭത്തിനുവേണ്ടിയോ അല്ല.

വിവാഹത്തിന്റെ അടിസ്ഥാനപരമായ ഉദ്ദേശങ്ങളെ രണ്ടായി ചുരുക്കാവുന്നതാണ്: തുണയാകുവാനും കുടുംബമാകുവാനും ആണ്. ദൈവത്തിന്റെ വിവാഹസ്ഥാപനത്തിൽ ആ രണ്ട് ഉദ്ദേശങ്ങളും തിരിച്ചറിയാവുന്നതാണ്:

> മനുഷ്യൻ എല്ലാ കന്നുകാലികൾക്കും ആകാശത്തിലെ പറവകൾക്കും എല്ലാ കാട്ടുമൃഗങ്ങൾക്കും പേരിട്ടു. എങ്കിലും മനുഷ്യന്നു തക്കതായ ഒരു തുണ കണ്ടുകിട്ടിയില്ല (ഉൽപത്തി 2:20).

> ആകയാൽ യഹോവയായ ദൈവം മനുഷ്യന്ന് ഒരു ഗാഢനിദ്രവരുത്തി; അവൻ ഉറങ്ങിയപ്പോൾ, അവന്റെ വാരിയെല്ലുകളിൽ ഒന്നെടുത്ത് അതിന്നു പകരം മാംസം പിടിപ്പിച്ചു. യഹോവയായ ദൈവം മനുഷ്യനിൽനിന്നെടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. അപ്പോൾ മനുഷ്യൻ, ഇത് ഇപ്പോൾ എന്റെ അസ്ഥിയിൽനിന്നു അസ്ഥിയും, എന്റെ മാംസത്തിൽനിന്നു മാംസവും ആകുന്നു. ഇവളെ നരനിൽനിന്നെടുത്തിരിക്കയാൽ അവൾക്ക് നാരി എന്നു പേരാകും എന്നു പറഞ്ഞു (ഉൽപത്തി 2:21–23).

> അതുകൊണ്ട് പുരുഷൻ അപ്പനേയും അമ്മയേയും വിട്ടുപിരിഞ്ഞ് ഭാര്യയോടു പറ്റിച്ചേരും, അവർ ഏകദേഹമായി തീരും; മനുഷ്യനും ഭാര്യയും ഇരുവരും നഗ്നരായിരുന്നു. അവർക്ക് നാണം തോന്നിയതുമില്ലതാനും (ഉൽപത്തി 2:24).

> ഇങ്ങനെ ദൈവം തന്റെ സ്വരൂപത്തിൽ മനുഷ്യനെ സൃഷ്ടിച്ചു. ദൈവത്തിന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു. ദൈവം അവരെ അനുഗ്രഹിച്ചു, “നിങ്ങൾ സന്താനപുഷ്ടിയുള്ളവരായി പെരുകി ഭൂമിയിൽ നിറഞ്ഞു അതിനെ അടക്കി വാഴുവിൻ ...” (ഉൽപത്തി 1:27, 28).

ദൈവം രൂപപ്പെടുത്തിയ ഈ വിവാഹത്തിന്റെ പവിത്രതയെ മാറ്റി മറിച്ച് മറ്റുള്ളവരെ ഉപദ്രവിക്കുവാനോ സ്വാധീനിക്കുവാനോ ആക്കരുത്. ആരായാലും വിവാഹത്തിലേക്ക് പ്രവേശിക്കുമ്പോൾ – ഏറ്റവും സഹനീയവും ഊഷ്മളതയുള്ളതുമായ ബന്ധത്തിലേക്കാണ് വരുന്നത് – പക്ഷെ പണം, സ്ഥാനം, ബഹുമതി ഇങ്ങനെ വിലയില്ലാത്ത ഉദ്ദേശങ്ങൾക്കായി വിവാഹത്തെ കാണുന്നവർ ദൈവത്തിന്റെ ഉദ്ദേശത്തെ കളങ്കപ്പെടുത്തുകയാണ് ചെയ്യുന്നത്.

എല്ലാ ആളുകളും തങ്ങളുടെ ജീവിതങ്ങളെ പണിയേണ്ട അടിസ്ഥാനമായിട്ടാണ് ബൈബിളിൽ വിവാഹത്തെ വെച്ചിരിക്കുന്നത്. സമൂഹത്തെയും വിവാഹത്തെയും വേർപിരിക്കാവുന്നതല്ല; അകലുന്ന വിവാഹവും കുഴപ്പ

ങ്ങളും ഇന്നു മനുഷ്യരെ രോഗം പോലെ ബാധിച്ചിരിക്കുകയാണ്.

ആഹാബിന്റേയും ഈസബേലിന്റേയും വിവാഹം തുടങ്ങിയത് തെറ്റായ രീതിയിലും, ഉദ്ദേശത്തിലുമായിരുന്നു. അതായിരിക്കണം അവരുടെ വിവാഹ ജീവിതത്തിലെ കുഴപ്പങ്ങൾക്ക് കാരണമായത്; എങ്ങനെയായാലും, ബൈബിൾ അതിനെ സംബന്ധിച്ച വിശദീകരണങ്ങൾ നൽകുന്നില്ല, അവരുടെ വിവാഹജീവിതം അപകടത്തിലേക്കു നയിച്ചു എന്നു മാത്രമാണ് പറയുന്നത്. അവരുടെ വിവാഹജീവിതം മോശമായി തീരുവാൻ കാരണമായത് ഒരുപക്ഷെ അവർ ഒന്നിക്കുവാൻ തിരഞ്ഞെടുത്ത തെറ്റായ ഉദ്ദേശമായിരിക്കാം. അശുഭമായ ഉദ്ദേശം കണ്ടുകൊണ്ട് വിവാഹം കഴിക്കുന്ന ഏതൊരു വിവാഹവും കുഴപ്പത്തിലെത്തിച്ചേരും.

## തെറ്റായ ബന്ധത്താൽ നിയന്ത്രിച്ചു

അവരുടെ വിവാഹജീവിതം കൈപ്പേറിയതാകുവാനും അധഃപ്പതിക്കുവാനും കാരണമായി തീർന്നത് ആഹാബിന് ഈസബേലിനോടുണ്ടായിരുന്ന ബന്ധമായിരുന്നു എന്നു കാണാം. ആരംഭത്തിൽ തന്നെ, പുരുഷൻ കുടുംബത്തിന്റെ തലയാകണമെന്നും സ്ത്രീ കുടുംബത്തിന്റെ രാജ്ഞിയാകണമെന്നുമാണ് ദൈവം നിശ്ചയിച്ചിരിക്കുന്നത് (എഫെസ്യർ 5:23, 25; 1 തിമൊഥെയൊസ് 2:11–15). പുരുഷന്റേയും സ്ത്രീയുടേയും സന്തോഷവും, മക്കളുടെ നന്മയും ആണ് ദൈവത്തിന്റെ ഭരണക്രമത്തിലെ ഉദ്ദേശം. വിവാഹം കഴിയുമ്പോൾ, സ്വാഭാവികമായും ഭർത്താവിലും ഭാര്യയിലും, ശരിയായ പ്രവർത്തനവും, ബന്ധവും മനോഹരമായി തീരുമെന്ന് വിചാരിക്കരുത്. ബന്ധം ശരിയാകുവാൻ തിരുവെഴുത്ത് ആവശ്യപ്പെടുന്ന കാര്യങ്ങൾ തിരിച്ചറിഞ്ഞ് നിലനിർത്തുവാൻ ഭർത്താവും ഭാര്യയും തീരുമാനിക്കണം.

ഒരു തരത്തിൽ നോക്കിയാൽ, ആഹാബ് ഫലമുള്ള രാജാവായിരുന്നു. തെക്കേ രാജ്യവുമായി അവൻ, നല്ല ഒരു സമാധാനബന്ധം നിലനിർത്തിയിരുന്നു. ആഹാബ് തെക്കേ രാജ്യത്തിലെ രാജാവായിരുന്ന യെഹോശാഫാത്തുമായുണ്ടാക്കിയ സഖ്യം, ദേശത്തിന് വളരെ ഗുണം ചെയ്തു. രണ്ടാമത്, അവൻ കെട്ടിപ്പൊക്കിയ വ്യവസായ പുരോഗതി ദേശത്ത് സാമ്പത്തികമായ ഉയർച്ച വരുത്തിയ കഴിവുള്ള രാജാവായിരുന്നു ആഹാബ്. ഒരു സ്ഥലത്തെ കലാപരമായി എങ്ങനെ മോടി പിടിപ്പിക്കാമോ, ആ രീതിയിൽ അവൻ മോടി പിടിപ്പിക്കയും, കോട്ട പോലെ കെട്ടിപ്പൊക്കിയ മന്ദിരങ്ങൾ ശത്രുക്കളെ പ്രതിരോധിക്കുവാൻ പര്യാപ്തമായവയായിരുന്നു.

> ആഹാബിന്റെ മറ്റുള്ള വൃത്താന്തങ്ങളും അവൻ ചെയ്തതൊക്കെയും അവൻ ആനക്കൊമ്പ് കൊണ്ട് പണിത അരമനയുടേയും അവൻ പണിത എല്ലാ പട്ടണങ്ങളുടേയും വിവരവും യിസ്രായേൽ രാജാക്കന്മാരുടെ വൃത്താന്തപുസ്തകത്തിൽ എഴുതിയിരിക്കുന്നു? (22:39).

കൂടാതെ, ആഹാബ് ശക്തനും പ്രഗത്ഭനുമായ ഒരു പടയാളിയായി സൈന്യത്തെ നയിക്കുവാൻ കെൽപുള്ളവനായിരുന്നു. യഹോവയുടെ "ഒരു പ്രവാചകൻ" മുന്നറിയിച്ചതുപോലെ അവൻ രണ്ടു പ്രാവശ്യം അരാമ്യ സൈന്യത്തെ പരാജയപ്പെടുത്തിയിരുന്നു (20:1–34).

ആ കഴിവുകളെല്ലാം ആഹാബിനുണ്ടായിരുന്നിട്ടും, ഒരു വീടിന്റെ തലവൻ എന്ന നിലയിൽ അവനു എടുത്തു പറയാവുന്ന മൂന്നു തെറ്റുകളുണ്ടായിരുന്നു: ഒന്നാമത്, അവൻ തന്റെ വീടിനെ നയിച്ചില്ല. അവൻ *നട്ടെല്ലില്ലാത്ത* ഭർത്താവായിരുന്നു. ആരെങ്കിലും ഒരു പുരുഷനോട്, "നിങ്ങൾ ഒരു പെൺകോന്തനാണോ?'' എന്നു ചോദിച്ചാൽ, അയാൾ പറയും, ''ഒരു മിനിറ്റ്, ഞാൻ എന്റെ ഭാര്യയോട് ചോദിക്കട്ടെ." അത്തരം ഒരു ഭർത്താവിനെയാണ് നാം ആഹാബിൽ കാണുന്നത്. അവൻ ഒരിക്കലും സമ്മതിച്ചിട്ടില്ല, എന്നാൽ കുതിരയെ കടിഞ്ഞാണിട്ടു നിയന്ത്രിക്കുന്നതുപോലെ, ഈസബേൽ ആഹാബിനെ നിയന്ത്രിച്ചുകൊണ്ടിരുന്നു. ആഹാബ് ദുഷ്ടനായിരുന്നതിനേക്കാൾ കൂടുതൽ ബലഹീനനായിരുന്നു. ദുഷിച്ച ഉദ്ദേശങ്ങൾക്കും പദ്ധതികൾക്കും ഈസബേൽ ആഹാബിനെ നയിച്ചുകൊണ്ടിരുന്നു. ആർ. ജി. ലീയുടെ വാക്ക് കടമെടുത്താൽ, ആഹാബിനെ അവന്റെ ദുഷ്പ്രവൃത്തികൾക്ക് അരകല്ലിലിട്ട് മൂർച്ചകൂട്ടുന്നവളായിരുന്നു ഈസബേൽ. അവൾ തന്റെ ഭർത്താവിനെയും ദേശത്തേയും ഭരിക്കുകയും, യിസ്രായേലിൽ മുഴുവൻ അവൾ വിശ്വസിച്ചിരുന്ന ബാൽ വിഗ്രഹങ്ങൾ കൊണ്ട് നിറക്കുകയും ചെയ്തു (21:25).

*സ്വാർത്ഥനായിരുന്നു* എന്നതായിരുന്നു ആഹാബിന്റെ രണ്ടാമത്തെ തെറ്റ്. ഒരു സ്വാർത്ഥനായ മനുഷ്യന് ദുഷ്ടതയിൽ ഏതറ്റം വരെ പോകാമെന്ന് കാണിച്ചവനായിരുന്നു അവൻ. അവന്റെ സ്വാർ-ത്ഥതയുടെ ഉദാഹരണമായിരുന്നു അവൻ നാബോത്തിന്റെ തോട്ടം കരസ്ഥമാക്കിയത് (21:1-16). അവന്റെ രാജധാനിയുടെ അടുത്തായിരുന്നു ആ മനോഹരമായ തോട്ടം. ആ ആഗ്രഹം അവനിൽ മോഹമായിത്തീർന്നു. ആ മോഹം അവനിൽ തന്നെ തങ്ങിനിന്നു. അതു അവനെ പിടിച്ചടക്കി. നിയമപരമായി തോട്ടം വാങ്ങുവാൻ നോക്കി, പക്ഷെ ഫലിച്ചില്ല. അവൻ തന്റെ രാജധാനിയിൽ പോയി കുട്ടികളെപോലെ അസ്വസ്ഥനായി കാണപ്പെട്ടു. ഇത് ഈസബേൽ കേട്ട് അവനോട് പറഞ്ഞു, "അത് എനിക്ക് വിട്ടുതരിക, തോട്ടം ഞാൻ നിങ്ങൾക്ക് കരസ്ഥമാക്കി തരാം."

നാബോത്തിനെ കൊന്ന് തോട്ടം കൈക്കലാക്കുവാൻ അവൾ ആജ്ഞ പുറപ്പെടുവിച്ചു. അവൾ ചെയ്തത് എന്തെന്ന് ആഹാബിന് അറിയാമായിരുന്നു; എന്നാൽ, തോട്ടം നേടിയെടുക്കണമെന്ന പൈശാചികമായ ആഗ്രഹം അവനിലുണ്ടായിരുന്നതിനാൽ അവൻ അതിനെ തടഞ്ഞില്ല. ആഹാബ് കുല ചെയ്യിച്ചില്ല. നാബോത്തിന്റെ രക്തത്തിൽ ആഹാബിന് നേരിട്ട് പങ്കില്ലായിരുന്നു, പക്ഷെ അവൻ ഈസെബേലിനെ ആ കാര്യത്തിൽ തടഞ്ഞില്ല. നാബോത്തിന്റെ മരണം സംഭവിച്ചതായും, തോട്ടം തന്റേതായി തീർന്നുവെന്നും അവന് വാർത്ത ലഭിച്ച ഉടനെ ഒരു കുട്ടിക്ക് പോസ്റ്റ്മാൻ സമ്മാനം കൊണ്ടുവന്ന് തപാൽ പെട്ടിയിൽ ഇട്ടിരിക്കുന്നു എന്നറിഞ്ഞ കുട്ടിയെ പോലെ അവൻ ഓടി, ചെന്ന് തോട്ടം കൈവശമാക്കി. തന്റെ സ്വാർത്ഥമായ അത്യാഗ്രഹനിവർത്തീകരണത്തിന്റെ മുമ്പിൽ നാബോത്തിന്റേയും അവന്റെ മക്കളുടേയും മരണം ആഹാബിന് ഒന്നുമല്ലായിരുന്നു. ആഹാബിനെ അതിശയിപ്പിച്ചുകൊണ്ട്, ദൈവത്തിന്റെ ന്യായവിധി അവനോട് അറിയിക്കുവാൻ ദൈവപുരുഷനായ ഏലിയാവ് ആഹാബിന്റെ അടുക്കലെത്തി. ഏലിയാവിന്റെ വാക്കുകൾ കേട്ടപ്പോൾ രാജാവ് ഞെട്ടിപ്പോയി:

> ... " 'നീ കുല ചെയ്കയും കൈവശമാക്കുകയും ചെയ്തുവോ എന്നു യഹോവ ചോദിക്കുന്നു. നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്തു

> വെച്ചു തന്നെ നിന്റെ രക്തവും നക്കിക്കളയും എന്ന് യഹോവ കൽപി ക്കുന്നു' " (21:19).
>
> "ഈസെബേലിനെ കുറിച്ച് യഹോവ അരുളിച്ചെയ്തത്, 'നായ്ക്കൾ ഈസെബേലിനെ യിസ്രെയേലിന്റെ മതിലരികത്തുവെച്ച് തിന്നുകളയും' " (21:23).

ചുരുക്കിപ്പറഞ്ഞാൽ ആ അറിയിപ്പ് ആഹാബിന്റെ ശ്രദ്ധ ക്ഷണിക്കുന്നതായിരുന്നു. അതിനു പ്രതികരണമായി വിലപിക്കുകയും രട്ടുടുത്തിരിക്കുകയും ചെയ്തു (21:27), ദൈവം പറഞ്ഞു, "ആഹാബ് എന്റെ മുമ്പിൽ തന്നെത്താൻ താഴ്ത്തിയതുകൊണ്ട്, ഞാൻ അവന്റെ ജീവകാലത്ത് അനർത്ഥം വരുത്താതെ അവന്റെ മകന്റെ കാലത്ത് അവന്റെ ഗൃഹത്തിന്നു അനർത്ഥം വരുത്തും" (21:29). ദൈവം വരുത്തുമെന്നു പറഞ്ഞ ന്യായവിധി പൂർണ്ണമായും നീക്കം ചെയ്തില്ല, പക്ഷെ ഒരു ഭാഗം നീക്കം ചെയ്തു (22:37, 38).

ആഹാബ് വ്യതിചലിച്ച മറ്റൊന്നായിരുന്നു യഹോവയെ ആരാധിക്കൽ. *വേർപിരിഞ്ഞ മതവ്യക്തിത്വ*ത്തിനുടമയായിരുന്നു അവൻ. അവൻ സത്യദൈവത്തെ ആരാധിക്കുന്നത് ഒരിക്കലും വിട്ടുകളഞ്ഞിരുന്നില്ല, എന്നാൽ അവൻ ബാലിനെ ആരാധിക്കുന്നതു കൂടെ തിരഞ്ഞെടുത്തു. അവൻ ഈസെബേലിന്റെ ആവശ്യങ്ങളനുസരിച്ച്, ഉയർന്ന സ്ഥലങ്ങളിൽഅന്യദേവന്മാർക്ക് ആരാധനാലയങ്ങൾ പണിതു. ആഹാബ് "തിന്മക്കു തന്നെത്തനെ" വിറ്റു എന്നാണ് തിരുവെഴുത്ത് പറയുന്നത്. അതായത് അവൻ ദുഷ്ടതക്ക് തന്നെ മുഴുവനായി വിറ്റുകളഞ്ഞു എന്നർത്ഥം:

> യഹോവക്ക് അനിഷ്ടമായുള്ളതു ചെയ്യുവാൻ തന്നെത്താൻ വിറ്റുകളഞ്ഞ ആഹാബിനെ പോലെ ആരും ഉണ്ടായിട്ടില്ല. അവന്റെ ഭാര്യ ഈസെബേൽ അവനെ അതിനായി ഉൽസാഹിപ്പിച്ചിരുന്നു. യഹോവ യിസ്രായേൽമക്കളുടെ കയ്യിൽനിന്നു നീക്കി കളഞ്ഞ അമോര്യർ ചെയ്തതുപോലെ ഒക്കെയും അവൻ വിഗ്രഹങ്ങളെ ചെന്നു സേവിച്ചു മഹാ മ്ലേഛത പ്രവർത്തിച്ചു (21:25, 26).

ഇപ്പോൾ, ആ ബലഹീനതകളെല്ലാം യോജിപ്പിച്ചു നിർത്തിയാൽ എങ്ങനെയിരിക്കുമെന്നു നോക്കുക. യഹോവയെ ആരാധിക്കുന്നതു നശിപ്പിക്കുന്ന നരകത്താൽ തീ കത്തിയ അവസ്ഥയിലായിരുന്ന ഒരു സ്ത്രീയുടെ ആധിപത്യവും നിയന്ത്രണവും ആയിരുന്നു ആ വിവാഹത്തിൽനിന്നുത്ഭവിച്ചത്. ഫലം യിസ്രായേലിൽ കുഴപ്പമുണ്ടാക്കി: ആഹാബ് മലിനപ്പെട്ടു; ഈസെബേൽ മതത്തെ പൂർണ്ണമായും ഭൂതത്തിന് അടിയറവ് വെച്ചു; അവരുടെ വീട് തിന്മയുടെ കൂടാരമാകുകയും, ദേശം അങ്ങനെ ആത്മിയ അധഃപ്പതനത്തിൽ മുങ്ങിക്കൊണ്ടിരിക്കുകയും ചെയ്തു.

ഞാൻ അടുത്ത സമയത്ത്, അറുപത്തി-അഞ്ചു വർഷമായി ഭംഗിയുള്ള ഒരു സ്ത്രീയെ വിവാഹജീവിതം നയിച്ച ഒരാളുമായി സംസാരിക്കുകയുണ്ടായി. അവരുടെ വിവാഹവാർഷികാഘോഷത്തിൽ പങ്കെടുക്കുവാൻ എന്നെ ക്ഷണിച്ചിരുന്നു. എന്റെ അഭിനന്ദനം അറിയിച്ചശേഷം ഞാൻ അദ്ദേഹത്തോട് ചോദിച്ചു, "നിങ്ങളുടെ വിവാഹജീവിതം വിജയകരമായി തീർന്ന ഘടകം എന്താണ്?"

അദ്ദേഹം അൽപം ആലോചിച്ചിട്ട് ആ സംഭവം പറഞ്ഞു: “ഞങ്ങൾ വിവാഹം കഴിച്ചപ്പോൾ, ചെറിയ ചെറിയ തീരുമാനങ്ങളെല്ലാം അവൾ എടുക്കുവാനും, മുഖ്യമായ തീരുമാനങ്ങളെല്ലാം ഞാനെടുക്കുവാനും ഒരു ഉടമ്പടി ചെയ്തിരുന്നു. ഞങ്ങൾ വിവാഹം കഴിഞ്ഞിട്ട് അറുപത്തി-അഞ്ചുവർഷം കഴിഞ്ഞു ഇതുവരെയും ഞങ്ങൾക്ക് മുഖ്യ തീരുമാനങ്ങൾ നേരിടേണ്ടി വന്നിട്ടില്ല!” അദ്ദേഹം ഒരു തമാശയായിട്ടാണ് അതു പറഞ്ഞത്, ഞങ്ങൾ രണ്ടുപേരും നന്നായി ചിരിക്കുകയും ചെയ്തു; എന്നാൽ അദ്ദേഹത്തിന്റെ സംഭവത്തിൽ ഗൗരവമുള്ള ഒരു വശമുണ്ട്. തീരുമാനങ്ങളെല്ലാം ഭാര്യ അഥവാ അമ്മ എടുക്കട്ടെ എന്ന നിലപാട് ഒരു ഭവനത്തിലുണ്ടെങ്കിൽ, അത് ദൈവം കാണുവാൻ ആഗ്രഹിച്ചു രൂപപ്പെടുത്തിയ ഭവനമല്ല. അതു പരാജയപ്പെടും കാരണം അതിന് വാസ്തവത്തിലുള്ള ഭർത്താവും, അപ്പനും, തലയുമില്ല. അതിനുള്ള ഉദാഹരണമാണ് ആഹാബിന്റേയും ഈസെബേലിന്റേയും കുടുംബം. നമുക്ക് കാണുവാൻ കണ്ണും മനസിലാക്കുവാൻ ഹൃദയവുമുണ്ടെങ്കിൽ, നാം അവരിൽനിന്നു പഠിക്കും.

വീടിന്റെ വിജയത്തിനും മനോഹാരിതക്കും ദൈവം ഭർത്താവിനും ഭാര്യക്കും ദൈവിക ഉത്തരവാദിത്തങ്ങൾ നൽകിയിട്ടുണ്ട്. അവൻ ഇട്ടിരിക്കുന്ന രൂപവും അടിസ്ഥാനവും എതെങ്കിലും കാരണത്താൽ വിട്ടുകളയുമ്പോൾ, അടിസ്ഥാനക്കല്ലായ സ്നേഹവും സമാധാനവും നഷ്ടമാകയും ദേശം നശിക്കുകയും ചെയ്യും.

### തെറ്റായ മതത്താൽ
### മലിനപ്പെട്ടു

ബാൽ സംസ്ക്കാരമായ തെറ്റായ മതത്തെ ആഹാബും ഈസെബേലും സ്വീകരിച്ചതായിരുന്നു അവരുടെ വിവാഹജീവിതം നരകതുല്യമാകുവാനുള്ള മൂന്നാമത്തെ കാരണം. ദൈവത്തിന് ഒരു മതമേയുള്ളു, അതു തള്ളിക്കളയുന്നത് അവനെ അനുസരിക്കാതിരിക്കുന്നതും വിശ്വാസത്യാഗവുമാണ്. ബാലിനെ സ്വീകരിക്കുക എന്നാൽ ഭോഷ്ക്ക് വിശ്വസിക്കുക എന്നാണർത്ഥം.

ഈസെബേലിന്റെ സ്വഭാവം സ്ഥിരമായി ദുഷ്ടത തിങ്ങിയതായിരുന്നു, എന്നാൽ ആഹാബ് പകുതി വെന്ത കേക്ക് പോലെയായിരുന്നു, ഒരു വശം മാത്രമെ വെന്തിരുന്നുള്ളു. അവൻ യഹോവയെ ആരാധിക്കുന്നത് ഉപേക്ഷിച്ചിരുന്നില്ല. അത് അവൻ തന്റെ മക്കൾക്കിട്ട പേർ തെളിയിക്കുന്നു: യെഹോരാം (“യഹോവ ഉയർന്നവൻ”), അഹസ്യാവ് (“യഹോവ ശക്തൻ”). അവന് ഒരു ദാസനുണ്ടായിരുന്നു, അവന്റെ പേർ ഓബദ്യാവ് എന്നായിരുന്നു, അവൻ നല്ല ഒരു യഹോവാ ഭക്തനായിരുന്നു. അങ്ങനെ പേരിടുന്നതിനാലും, ഏറ്റു പറയുന്നതിനാലും, ആഹാബ് യഹോവയെ ആരാധിക്കുന്നവനായിരുന്നു. അവൻ യഹോവയെ പൂർണ്ണമായി തള്ളിക്കളഞ്ഞു എന്നതായിരുന്നില്ല അവന്റെ പാപം, അവൻ യഹോവയോടൊപ്പം ബാലിനേയും സേവിച്ചു എന്നതായിരുന്നു അവന്റെ പാപം (18:21). ഒരുപക്ഷെ ബൈബിളിലെ ഏറ്റവും ദുഷ്ടയായ സ്ത്രീ ആയിരുന്നേക്കാം ഈസെബേൽ. ദുഷ്ടതയുള്ളവർക്ക് വേണ്ടി ഒരു മൽസരം സംഘടിപ്പിച്ചാൽ, അവൾക്ക് തന്നെയായിരിക്കും ഒന്നാം സ്ഥാനം. അവൾ ബാലിനെ യിസ്രായേലിന് പരിചയപ്പെടുത്തുക മാത്രമായിരുന്നില്ല ചെയ്തത്, അവൾ ബാലിനെ യിസ്രായേലിൽ മുഴുവൻ നിറക്കുവാനും, യഹോവയെ ആരാധിക്കുന്നതിനു പകരം എല്ലാവരും ബാലിനെ നമസ്ക്കരിക്കണമെന്ന്

ആഗ്രഹിച്ച് പ്രവർത്തിക്കുകയും ചെയ്തു. അവളുടെ ഹൃദയത്തിൽ ദുഷ്ടത നിറഞ്ഞ് ദൈവത്തിന്റെ പ്രവാചകന്മാരെ കൊല്ലുകയും ചെയ്തു (19:2). ഈസെബേൽ ആധിപത്യം പുലർത്തുകയും, ആഹാബ് ബലഹീന-നായിരിക്കയാലും, ഈസെബേലിനെ വിവാഹം കഴിക്കേണ്ടിവന്നത് ആഹാബിന്റെ വിധിയായി എന്നു പറയാം.

ഈസെബേൽ ആഹാബിനെ വിവാഹം കഴിച്ചപ്പോൾ, അവൾ ബാലിന്റെ 450 പ്രവാചകന്മാരെ യിസ്രായേലിലേക്ക് കൊണ്ടുവന്നു. അന്യദേവനെ നമസ്ക്കരിക്കുന്നതിൽ അത്യുൽസാഹമുള്ള ഒരു മിഷ്ണറിയായിരുന്നു അവൾ. ദാനിലും, ബെഥേലിലും ആരാധനാ കേന്ദ്രങ്ങളുണ്ടാക്കി യൊരേബയാം കാളക്കുട്ടിയെ പരിചയപ്പെടുത്തിയതായിരുന്നു മുമ്പുണ്ടായ ഗൗരവമായ വിശ്വാസത്യാഗം. എന്നാൽ ബാലിനെയും അവന്റെ പ്രവാചകന്മാരെയും പരിചയപ്പെടുത്തിയത് ഏറ്റവും മോശമായ അനുഷ്ഠാനമായിരുന്നു. അത് ഏക ദൈവത്തിനു പകരം - ബഹുദൈവങ്ങളെ പരിചയപ്പെടുത്തുന്ന ഒന്നായിരുന്നു - കൂടാതെ തരം താഴ്ത്തുന്നതും, ആത്മിയപരസംഗം അടക്കമുള്ള തന്നിഷ്ടപ്രകാരമുള്ള ആചാരങ്ങളുമായിരുന്നു. ഈസെബേൽ യിസ്രായേലിലേക്ക് വന്നത്, സങ്കീർണ്ണമായ ഒരു ചരിത്രമായിരുന്നു. അവൾക്ക് അനുവദിച്ചു കിട്ടിയ സ്വാധീനത്താൽ, അവൾ യിസ്രായേലിനെ വിഗ്രഹാരാധനയുടെ ഇരുണ്ട നാളുകളിലേക്ക് നയിച്ചു.

ആഹാബ് ഒരു യഹോവാ വിശ്വാസി ആയിരുന്നുവെങ്കിലും, ഈസെബേലിന്റെ ആഗ്രഹം നിവർത്തിച്ചുകൊണ്ട്, അന്യദേവനെ നമസ്ക്കരിക്കുന്ന പ്രഹരം അവൻ യിസ്രായേലിന് കൊടുത്തു. നരകത്തിൽ നടന്ന ഒരു വിവാഹം നിമിത്തം ഒരു ദേശം തന്നെ വിപത്തിലായി എന്നു മാത്രമെ നമുക്ക് പറയുവാൻ സാധിക്കു.

ഒരു ക്രിസ്ത്യാനി ക്രിസ്ത്യാനിയെ തന്നെ വിവാഹം കഴിക്കണമെന്നും ക്രിസ്തീയ ജീവിതമാണ് ഭവനത്തെ നയിക്കേണ്ടതെന്നുമുള്ള സത്യം തിരുവെഴുത്തുകളിലുടനീളം അന്തർലീനമാക്കിയിരിക്കുന്നു. യഹോവയെ ആരാധിക്കുന്നത് ജീവിതത്തിൽ തിരഞ്ഞെടുക്കാവുന്ന ചെറിയ കാര്യമല്ല; അത് വിശ്വസ്തതയുടേയും സന്തോഷത്തിന്റേയും നിർണ്ണായക കേന്ദ്രമാണ്. വിവാഹം കഴിച്ച ഏതൊരു വ്യക്തിയും തന്റെ ജീവിതത്തിൽ യഹോവയെ ആരാധിക്കുക എന്നതു ഉപേക്ഷിച്ചാൽ അവരുടെ വീട്ടിൽ അനുഗ്രഹങ്ങൾ നഷ്ടപ്പെടുത്തി പിശാചിന് ഇടം കൊടുക്കുകയാണ് ചെയ്യുന്നത്.

തങ്ങളുടെ ഭവനത്തിൽ ദൈവം ആയിരിക്കണം ആദ്യം ഉണ്ടാകേണ്ടത് എന്ന തീരുമാനമുള്ള ഓരോ യുവാവും യുവതിയും വിവാഹജീവിതത്തിലേക്ക് കടക്കുമ്പോൾ അവരുടെ കുടുംബം ഭദ്രതയുള്ളതായി തീരുന്നു. ദൈവത്തിൽ വിശ്വാസമുള്ള, ഭക്തിയുള്ള ഒരു സ്ത്രീയെ മാത്രമെ ആഹാബ് വിവാഹം കഴിക്കാമായിരുന്നുള്ളു. ഈസെബേലിനെ പോലെ ഒരു സ്ത്രീ അവന്റെ ജീവിതത്തിലേക്ക് ഒരിക്കലും കടന്നു വരുവാൻ പാടില്ലായിരുന്നു.

**ഉപസംഹാരം**

അപ്പോൾ, അത്, നരകത്തിൽ നടന്ന ഒരു വിവാഹമായിരുന്നു. അത് നിങ്ങളെ അമ്പരപ്പിക്കുന്നില്ലേ? തെറ്റായ ഉദ്ദേശം മനസിലാക്കി, തെറ്റായ ബന്ധം നിയന്ത്രിച്ച്, തെറ്റായ മതത്താൽ മലിനപ്പെട്ട്, യിസ്രായേലിനെ അറവുശാലയാക്കി.ആ രാജാവിനെയും രാജ്ഞിയെയും പിശാച് വരുതിയിലാക്കി.

ആ വിവാഹം യിസ്രായേലിനെ നശിപ്പിക്കുക മാത്രമല്ല, ആഹാബിനെ കൊല്ലുകയും ചെയ്തു. മോശമായ വിവാഹം നിങ്ങളെ മരണത്തിലേക്ക് നയിച്ചേക്കാം. അത് ആഹാബിനെ ഇല്ലാതാക്കി. ഈസെബേലിന്റെ ദുഷ്ടത കാരണം ദൈവത്തിന്റെ ന്യായവിധി ആഹാബിന്റെ മരണത്തിൽ കലാശിച്ചു (22:1–22). അരാമ്യരുടെ കൈവശമായിരുന്ന ഗിലെയാദിലെ-രാമോത്ത് ആഹാബും യെഹോശാഫാത്തും ചേർന്നു തിരിച്ചുപിടിച്ചു. യെഹോശാഫാത്ത് പറഞ്ഞു, “ഇന്നു യഹോവയുടെ അരുളപ്പാട് ചോദിച്ചാലും” (22:5). ആഹാബ് നാനൂറ്റമ്പതു കള്ള പ്രവാചകന്മാരെയും വരുത്തി, അവർ അവനോട് പറഞ്ഞു, “പോക, കർത്താവ് അതു രാജാവിന്റെ കയ്യിൽ ഏൽപിക്കും” (22:6). അവരുടെ കൂട്ടത്തിൽ പെട്ട സിദെക്കിയാവ് ഇരുമ്പുകൊണ്ട് കൊമ്പുകളുണ്ടാക്കി അവന്റെ തലയിൽവെച്ച് ഇതേ കൊമ്പുകൾ അരാമ്യരെ കുത്തുമെന്നു പറഞ്ഞു (2 ദിനവൃത്താന്തം 18:10, 11). യെഹോശാഫാത്ത് നല്ല ഉദ്ദേശത്തോടെ പറഞ്ഞു, “നാം ചോദിക്കേണ്ടതിന്ന് ഇവിടെ യഹോവയുടെ പ്രവാചകന്മാർ ആരുമില്ലേ?” (22:7). ഒരാളുണ്ടായിരുന്നു, മിഖായാവ്, യഹോവ കൽപിക്കുന്നതു മാത്രം പറയുന്നവനായിരുന്നു. അവനെ വിളിച്ചുകൊണ്ടുവരുവാൻ പോയ ഭൃത്യൻ അവനോട്, കള്ളപ്രവാചകൻ പറഞ്ഞതിനോട് യോജിക്കുവാൻ അപേക്ഷിക്കുമെന്നു പറഞ്ഞ് അവരെ സമ്മതിപ്പിച്ചു. എന്നാൽ, മിഖായാവ് ഫലത്തിൽ പറഞ്ഞു, “ഞാൻ യഹോവ അരുളിച്ചെയ്യുന്നതു മാത്രം പറയും” (22:14).

ആദ്യം അവൻ കള്ളപ്രവാചകന്മാരെ പരിഹസിച്ചു, പറഞ്ഞു, “യഹോവ അതു രാജാവിന്റെ കയ്യിൽ ഏൽപിക്കും.” പിന്നെ അവൻ അവരോട് സത്യം പറഞ്ഞു:

> ഇടയനില്ലാത്ത ആടുകളെപോലെ
> യിസ്രായേലൊക്കെയും പർവ്വതങ്ങളിൽ
> ചിതറിയിരിക്കുന്നതു ഞാൻ കണ്ടു,
> അപ്പോൾ യഹോവ “ഇവർക്ക് നാഥനില്ല
> അവർ ഓരോരുത്തൻ താന്താന്റെ വീട്ടിലേക്ക്
> സമാധാനത്തോടെ മടങ്ങിപ്പോകട്ടെ” എന്നു കൽപിച്ചു
> (22:17).

ആ യുദ്ധത്തെ കുറിച്ചുള്ള ഒരു ദർശനം തനിക്ക് ലഭിച്ചതായിരുന്നു മിഖായാവ് പറഞ്ഞത്. യഹോവയുടെ സന്നിധിയിലേക്ക് ആത്മാക്കൾ ഇറങ്ങിവരുന്നത് ഞാൻ കണ്ടു എന്ന് അവൻ പറഞ്ഞു. ആഹാബിനെ യുദ്ധത്തിനു പോകുവാൻ ആർ അവനെ വശീകരിക്കും എന്ന് യഹോവ അവരോട് ചോദിച്ചു. ഒരു ആത്മാവ് മുന്നോട്ട് വന്നു പ്രവാചകന്മാരുടെ എല്ലാം ഉള്ളിൽ ഭോഷ്ക്കിന്റെ ആത്മാക്കളെ അയക്കുമെന്നു പറഞ്ഞു, യഹോവ അവനോട്, “പോയി അങ്ങനെ ചെയ്ക” എന്നു പറഞ്ഞു (22:22). സത്യം പ്രവചിച്ച പ്രവാചകനെ സിദെക്കിയാവ് കവിളിൽ അടിച്ചു. ഇതിന്റെ ഫലം നമുക്ക് കാണാമെന്ന് മിഖായാവ് പറഞ്ഞു, ഞാൻ പറഞ്ഞതു സത്യമായിരുന്നോ അല്ലയോ എന്ന് അപ്പോൾ അറിയും എന്നും പറഞ്ഞു. അപ്പോൾ, രാജാവ് മിഖായാവിനെ പിടിച്ച് കാരാഗൃഹത്തിലടക്കുവാനും, താൻ സമാധാനത്തോടെ മടങ്ങി വരുന്നതുവരെ അവന് ഞെരുക്കത്തിന്റെ അപ്പവും വെള്ളവും മാത്രമെ കൊടുക്കാവു എന്നും കൽപിച്ചു (22:26, 27).

മിഖായാവിന്റെ പ്രവചനം, ആഹാബിനെ അസ്വസ്ഥമാക്കുകയാൽ അവൻ വേഷം മാറി യുദ്ധത്തിനു പോയി. യുദ്ധം തുടങ്ങിയപ്പോൾ, ആഹാബിനോട് മാത്രം യുദ്ധം ചെയ്യുവാൻ തന്റെ സൈന്യത്തിലെ മുപ്പത്തി-രണ്ടു പേരോടാണ് അരാം രാജാവ് കൽപിച്ചിരുന്നത്. ആഹാബാണെന്നു വിചാരിച്ച് അവർ യെഹാശാഫാത്തിനെ കൊല്ലുമെന്ന ഘട്ടമെത്തി. ഒരു പടയാളി ഒരു അമ്പ് "ഭാഗ്യപരീക്ഷണമായി" എയ്തു. അവനെ "പേരില്ലാത്ത, ലക്ഷ്യമില്ലാത്ത അമ്പെയ്ത്തുകാരൻ" എന്നാണ് വിളിച്ചിരുന്നത്. ദൈവത്തിന്റെ കാരുണ്യത്താൽ അവൻ അന്തരീക്ഷത്തിലേക്ക് അയച്ച അമ്പ് ആഹാബിൽ തന്നെ ചെന്നു തറച്ചു. മാരകമായി മുറിവേറ്റതിനാൽ അവൻ അന്നു തന്നെ മരിച്ചു. ദൈവത്തിന്റെ വിധി നിറവേറി. രഥത്തിൽ വീണ രക്തം ഏലിയാവ് പ്രവചിച്ചതുപോലെ നായ്ക്കൾ നക്കി. ആഹാബിന്റെ മരണത്തെയും ന്യായവിധിയെയും കുറിച്ച് കാണുമ്പോൾ, ഉടനെ അതിന്റെ കാരണമാണ് നമ്മുടെ മനസിലേക്ക് വരുന്നത്: നരകത്തിൽ നടന്ന ഒരു വിവാഹം.

ദൈവം നമുക്ക് വിവാഹം നൽകിയിട്ടുണ്ട്, എന്നാൽ അതു നമ്മുടെ ധാർമ്മിക തിരഞ്ഞെടുപ്പ് പരിധിയിലാണ് വെച്ചിരിക്കുന്നത്. അതുകൊണ്ട്, ഒന്നുകിൽ ആഹാബ് ചെയ്തതുപോലെ, ഒരു വിഡ്ഢിയെപോലെ, വെറുമൊരു ഭാര്യയെ തിരഞ്ഞെടുത്ത് അവളാൽ നശിക്കുകയോ, അല്ലെങ്കിൽ സ്വർഗീയ ബുദ്ധിയുപയോഗിച്ച്, ഒരു ക്രിസ്തീയ ഭാര്യയായി തിരഞ്ഞെടുത്ത് ഭൂമിയിൽ സ്വർഗം വേണമെന്ന് വെച്ച്, സ്നേഹത്തിനും പ്രോൽസാഹനത്തിനുമായി വരുവാനുള്ള സ്വർഗീയ വാസത്തിനു യോഗ്യമായതോ ഏതു വേണമെങ്കിലും നിങ്ങൾക്ക് തിരഞ്ഞെടുക്കാം.

**പഠിക്കേണ്ട പാഠം:**
**വിവാഹം നടക്കേണ്ടത് നരകത്തിലല്ല, സ്വർഗത്തിലാണ്.**